**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1709** **12-09-2023 - ൽ മറുപടിയ്ക്ക്**

**"വൈഗ" പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | "വൈഗ"പദ്ധതിയുടെ തുടർ നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ കാർഷികോത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനം, വിപണനം, എന്നീ മേഖലകളിൽ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കൊണ്ടു കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതിനും, പുതുസംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ടു കൃഷി വകുപ്പ് 2016 മുതൽ വൈഗ സംഘടിപ്പിച്ചു വരുന്നു.<br><br>2023 ഫെബ്രുവരിയിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച വൈഗയുടെ ഭാഗമായി കാർഷികമേഖലയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ കേന്ദ്രീകരിച്ച് ഇരുന്നൂറ്റി നാൽപ്പത്തി രണ്ട് സ്റ്റാളുകൾ ഒരുക്കിയിരുന്നു. കേരളത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി വിപണിയിൽ നേരിട്ട് എത്തിക്കുന്നതിനും അതിന്റെ പ്രയോജനം കർഷകർക്ക് പൂർണ്ണമായും ലഭിക്കുന്നതിനും വൈഗ വെബ് സൈറ്റ് വഴി രജിസ്ട്രേഷൻ പൂർത്തിയാക്കിയ ഉല്പാദകരെയും സംരംഭകരെയും വ്യാപാരികളെയും വ്യവസായികളെയും ഉൾപ്പെടുത്തി ബിസിനസ്സ് മീറ്റ് (ബി ടു ബി) വൈഗ 2023-ന്റെ ഭാഗമായി സംഘടിപ്പിച്ചിരുന്നു. ഇതിന്റെ വിജയത്തെ തുടർന്ന് എല്ലാ ജില്ലകളിലും ബിസിനസ്സ് മീറ്റ് (ബി ടു ബി) നടത്തുന്നതിന്റെ മുന്നോടിയായി ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് വച്ച് നടന്ന കൃഷിദർശന്റെ ഭാഗമായും ചേർത്തല വച്ച് നടന്ന കരപ്പുറം കാഴ്ച്ചയുടെ ഭാഗമായും ബിസിനസ്സ് മീറ്റ് (ബി ടു ബി) സംഘടിപ്പിച്ചിരുന്നു. ഹരിപ്പാട് കൃഷിദർശന്റെ ഭാഗമായി സംഘടിപ്പിച്ച ബി 2 ബി മീറ്റിൽ 323.26250 ലക്ഷം രൂപയുടെ ബിസിനസ്സ് സംരംഭകർക്ക് ഉണ്ടാക്കി നൽകുവാൻ സാധിച്ചു. കരപ്പുറം കാഴ്ച്ചയുടെ ഭാഗമായി സംഘടിപ്പിച്ച (ബി 2 ബി) മീറ്റിൽ 114.30380 ലക്ഷം രൂപയുടെ ബിസിനസ്സ് സംരംഭകർക്ക് ഉണ്ടാക്കി നല്കാൻ സാധിച്ചു. |

വൈഗയുടെ ഭാഗമായി സംരംഭക മേഖലയുടെ ഉത്തേജനത്തിനായി DPR ക്ലിനിക്കുകൾ ആരംഭിച്ചിരുന്നു. ആലപ്പുഴ ജില്ലയിൽ വെച്ച് നടത്തിയ കൃഷിദർശന്റെ ഭാഗമായി സംഘടിപ്പിച്ച DPR ക്ലിനിക്കിൽ 18 പദ്ധതികൾ സമർപ്പിക്കപ്പെട്ടതിൽ 5 എണ്ണം വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി ബാങ്ക് വായ്പയോടെ തുടർപ്രവർത്തനങ്ങൾ നടത്തി വരുന്നു. കരപ്പുറം കാഴ്ചയുടെ ഭാഗമായി സംഘടിപ്പിച്ച DPR ക്ലിനിക്കിൽ തയാറാക്കിയ 21 പദ്ധതികൾ സംരംഭകർക്ക് കൈമാറിയിട്ടുണ്ട്.

സർക്കാർ അർദ്ധ സർക്കാർ, സംരംഭകർ, കാർഷികോത്പാദന സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മൂല്യവർദ്ധനവിലൂന്നിയുള്ള കാർഷിക നേട്ടങ്ങൾ പ്രതിപാദിക്കുന്ന കാർഷിക പ്രദർശന സ്റ്റാളുകൾ വൈഗ കാർഷിക പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടു കൊണ്ട് നിരവധി കർഷകർ, ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, കൃഷിക്കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ എന്നിവ ഭക്ഷ്യ സംസ്കരണത്തിലും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും കൂടുതൽ താൽപ്പര്യം കാണിക്കുകയും ചെയ്തിട്ടുണ്ട്.

വൈഗയുടെ ഭാഗമായി കേരള സർക്കാർ കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗിനുള്ള നടപടികളും കൈക്കൊള്ളുകയുണ്ടായി. കേരളാഗ്രോ ബ്രാൻഡിൽ കൃഷി വകുപ്പിനു കീഴിലുള്ള വിവിധ ഫാമുകളിലെ 205 ഉൽപ്പന്നങ്ങൾ ആമസോൺ വഴിയും 140 ഉൽപ്പന്നങ്ങൾ ഫ്ലിപ്പ്കാർട്ട് വഴിയും നിലവിൽ വിപണനം നടത്തി വരുന്നു. 100 ഉൽപ്പന്നങ്ങൾ ഓൺലൈൻ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ ഉദ്യമം ഇത്രയും വിജയകരമായതിൽ വൈഗ വലിയ പങ്കു വഹിക്കുന്നു.

ബ്രാന്റിംങിന്റെ ഭാഗമായി ഉൽപ്പന്നങ്ങളുടെ പാക്കിംഗിൽ പ്രൊഫഷണലിസം കൊണ്ടു വരുവാനായി സംരംഭകരെ പ്രാപ്തരാക്കുന്ന നടപടികളും പുരോഗമിച്ചു വരുന്നു. മുംബൈ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങിന്റെ (IIP) നേതൃത്വത്തിൽ 2 ദിവസത്തെ പരിശീലന പരിപാടി സംരംഭകർക്ക് നൽകിക്കഴിഞ്ഞു. കൂൺ കൃഷിയിലും കൂൺ അധിഷ്ഠിത സംരംഭങ്ങളിലും പരിശീലനം ഹിമാചൽ പ്രദേശ് സൊളാംഗ് സെന്റർ കേന്ദ്രീകരിച്ച് നടത്തുകയുണ്ടായി.

| | | | |
|---|---|---|---|
| | | | 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ പ്രാഥമിക രജിസ്ട്രേഷൻ നടത്തിയ 24,701 കൃഷിക്കൂട്ടങ്ങളിൽ 22,273 കൃഷിക്കൂട്ടങ്ങൾ പരിശോധനയ്ക്ക് വിധേയമാവുകയും, 21,575 കൃഷിക്കൂട്ടങ്ങൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ ഉല്പാദനമേഖലയിൽ 18,113 കൃഷിക്കൂട്ടങ്ങളും, വിപണന, മൂല്യവർദ്ധന, സേവന, സംഭരണ വിതരണ മേഖലകളിലായി 3462 കൃഷിക്കൂട്ടങ്ങളും പ്രവർത്തിക്കുന്നു. വിവിധ വിളകളിൽ നിന്നുള്ള വൈവിധ്യമേറിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കൃഷിക്കൂട്ടങ്ങൾ ഉൽപ്പാദിപ്പിക്കുകയും വിപണിയിൽ എത്തിക്കുകയും ചെയ്തു വരുന്നു. ‘കാർഷിക മേഖലയിൽ മൂല്യ വർദ്ധിത ശൃംഖലയുടെ വികസനം’ എന്ന ആശയത്തെ മുൻനിർത്തിക്കൊണ്ട് സംഘടിപ്പിച്ചു വരുന്ന വൈഗയിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടു കൊണ്ടാണ് ഇത്രയും കൃഷിക്കൂട്ടങ്ങൾ മൂല്യവർദ്ധിത മേഖലയിലൂന്നി പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ